# 72. ഞങ്ങൾ, നിങ്ങൾ, നമ്മൾ

ഹിന്ദുക്കളും മുസ്ലിങ്ങളും തമ്മിലും, ഹിന്ദുക്കളിൽത്തന്നെ 'ഉയർന്ന' ജാതിക്കാരും 'താഴ്ന്ന' ജാതിക്കാരും തമ്മിലും, വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്നവർ തമ്മിലും, സ്റ്റേറ്റിനകത്ത് മുമ്പിനാലേ പാർത്തിരുന്നവരും പിന്നീട് വന്നവരും തമ്മിലും ഉത്തരേന്ത്യയിലെ വിഭിന്ന പ്രദേശങ്ങളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രൂക്ഷങ്ങളായ സംഘട്ടനങ്ങൾ ദേശീയോദ്ഗ്രഥനമെന്ന പ്രശ്നത്തെപ്പറ്റി ഗാഢമായ വിചിന്തനം അനുപേക്ഷണീയമാക്കിത്തീർത്തിട്ടുണ്ട്.

രാഷ്ട്രം, ഭാഷ, മതം, വർഗം, ജാതി എന്നിവ മനുഷ്യരെ ഏകീകരിക്കുകയെന്നപോലെ വിഭജിക്കുകയും ചെയ്യുന്ന ഉപാധികളാണ്. 'ഞങ്ങളും' 'നിങ്ങളും' ('ഞങ്ങൾ' അല്ലാത്തവരും) എന്ന് മനുഷ്യരെ രണ്ടായിത്തിരിക്കാൻ ഇവ ഉതകുന്നു. 'ഞങ്ങൾ'ക്കു തമ്മിലുള്ള ഐക്യബോധത്തെ ഇവ ദൃഢീകരിക്കുന്നു; അതോടൊപ്പം 'നിങ്ങളെ' 'ഞങ്ങളി'ൽ നിന്ന് വ്യത്യസ്തരായ, പലപ്പോഴും 'ഞങ്ങളെ'ക്കാൾ മോശവും 'ഞങ്ങൾ'ക്ക് എതിരുമായ ഒരു സമൂഹമായി ഇവ കാട്ടിത്തരുകയും ചെയ്യുന്നു. ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിലുള്ള രഞ്ജിപ്പിന് പ്രയോജകീഭവിക്കുന്ന അതേ അവസരത്തിൽത്തന്നെ വ്യത്യസ്തങ്ങളായ സമൂഹങ്ങൾക്കുതമ്മിൽ അകൽച്ച തോന്നുന്നതിനും ഈ ഉപാധികൾ കാരണമായിത്തീരുന്നു.

പല ഉപസമൂഹങ്ങൾ അടങ്ങിയതാണ് ഇന്ത്യൻ രാഷ്ട്രമെന്ന മഹാസമൂഹം. ഒരു മഹാസമൂഹത്തിനുള്ളിലെ ഉപസമൂഹങ്ങൾ തമ്മിൽ ഉണ്ടാകാനിടയുള്ള സംഘർഷങ്ങൾ തീരെ തടയുന്നതിനോ, അതു സാധ്യമല്ലെങ്കിൽ സംഘർഷങ്ങളെ നിയമവിധേയങ്ങളായ മത്സരങ്ങളാക്കി മാറ്റി, അവ കൊണ്ട് ഉണ്ടായേക്കാവുന്ന ഉപദ്രവം ഒഴിവാക്കുന്നതിനോ, കൈക്കൊള്ളേണ്ട മാർഗങ്ങളെപ്പറ്റി പല സാമൂഹ്യചിന്തകരും ചർച്ച ചെയ്തിട്ടുണ്ട്. പരിസ്ഥിതികളുടെ പ്രത്യേകതകളനുസരിച്ച് ഈ മാർഗങ്ങൾ പലതാവാം; ഒരു സന്ദർഭത്തിൽ തുലോം പ്രായോഗികമായ ഒരു മാർഗം മറ്റൊരു സന്ദർഭത്തിൽ തീരെ ഉപകരിച്ചില്ലെന്നും വരാം. എങ്കിലും ഈ മാർഗങ്ങൾക്ക് പൊതുവെ ഉരുകുംമൂശ, ഭൂരിപക്ഷമേധാവിത്തം, ബഹ്വാത്മകത, ഉദ്ഗ്രഥനം എന്ന് നാലു മാതൃകകൾ വേർതിരിച്ചു വിവരിക്കപ്പെട്ടിട്ടുണ്ട്.

19-ാം നൂറ്റാണ്ടിൽ അമേരിക്കയിൽ നിലവിലിരുന്ന ഒരു സങ്കല്പനമാണ് 'ഉരുകുംമൂശ' (മെൽട്ടിങ് പോട്ട്) എന്നത്. യൂറോപ്പിലെ ദരിദ്രരും മർദിതരും അറ്റ്ലാൻറിക് കടൽ കടന്നുചെന്ന് 'ദൈവത്തിൻെറ അഗ്നികളിൽ' ഉരുകി 'അമേരിക്കക്കാർ' ആയിത്തീരുന്നതു് ചിത്രീകരിക്കുന്നതും 1908-ൽ പ്രസിദ്ധീകരിച്ചതുമായ ഒരു പ്രസിദ്ധ നാടകത്തിൽനിന്നാണ് ഈ സങ്കല്പനത്തിന് ആ പേരു കിട്ടിയതു്. ഭാഷ, മതം, വർഗം, രാഷ്ട്രീയത മുതലായവയിലുണ്ടായിട്ടുള്ള എല്ലാ ഭേദഭാവങ്ങളും ഉരുകിയൊലിച്ച്, ഏകഘനമായ ഒരു 'അമേരിക്കത്തം', യഥാർത്ഥമായ ഒരു ഐക്യബോധം, ഉണ്ടായിത്തീരുമെന്ന ചിന്തയാണ് ഈ സങ്കല്പനത്തിനു പിന്നിൽ. സ്പെയിൻകാരും മെക്സിക്കോവിലെ അമേരിന്ത്യന്മാരും ഉരുകിച്ചേർന്നുണ്ടായ മിശ്രസംസ്കാരം ഇതിനുദാഹരണമായി ചൂണ്ടിക്കാണിക്കപ്പെട്ടിരുന്നു. എന്നാൽ, ഈ മാതൃകയിലന്തർഭവിച്ച പൂർണമായ പാരമ്പര്യനിരാസം അഭിലഷണീയമാണെന്ന് ഇന്നു പലരും കരുതുന്നില്ല. ഏതായാലും ഇന്ത്യയിലെ പരിസ്ഥിതിയിൽ 'ഉരുകുംമൂശ'യെന്ന മാതൃകയ്ക്കു സാധ്യത ഒട്ടുമില്ല.

സംഖ്യാബഹുത്വമോ സാമ്പത്തികമേല്ക്കോയ്മയോ ഉള്ള ഒരു സമൂഹത്തിന് അവയില്ലാത്ത മററു സമൂഹങ്ങൾ കീഴടങ്ങിക്കഴിയുക എന്ന ആശയമാണ് 'ഭൂരിപക്ഷമേധാവിത്വം (മെജോറിററി ഡോമിനൻസ്) എന്ന രണ്ടാമത്തെ സങ്കല്പനത്തിൽ അടങ്ങിയിട്ടുള്ളത്. കൊളോണിയൽ വ്യവസ്ഥിതിക്കു കീഴിൽ പല രാജ്യങ്ങളിലും സാമൂഹ്യസന്തുലനം നിർവഹിക്കപ്പെട്ടിരുന്നത് ഈ മാർഗം അവലംബിച്ചായിരുന്നു. അടുത്ത കാലംവരെ അമേരിക്കയിൽ കണ്ടുവന്ന ഇപ്പോഴും തെക്കെ ആഫ്രിക്കയിൽ നിലനില്ക്കുന്ന, വർണവിവേചനം ഈ സങ്കല്പനത്തെ മൂർത്തമായി ഉദാഹരിക്കുന്നു. മുസ്ലിങ്ങളല്ലാത്തവർക്ക് പല പൗരാവകാശങ്ങളും നിഷേധിക്കുന്ന പാകിസ്ഥാൻ, സൗദി അറേബ്യ മുതലായ സ്റ്റേററുകളും ഇതേമാർഗമാണ് പിന്തുടരുന്നത്. ദുർബല വിഭാഗങ്ങളെ നശിപ്പിക്കുക, അവരെ നാട്ടിൽനിന്നും തുരത്തിയോടിക്കുക, മേധാവിവർഗത്തിന്റെ ആവാസവ്യവസ്ഥയിൽനിന്ന് അവരെ അകററി പാർപ്പിക്കുക, തിരഞ്ഞെടുക്കപ്പെടാനും ഉദ്യോഗങ്ങൾ വഹിക്കാനും മററുമുള്ള അവസരങ്ങൾ അവർക്കു നിഷേധിക്കുക മുതലായി പല രൂപത്തിൽ ഈ സങ്കല്പനം പ്രത്യക്ഷപ്പെടാറുണ്ട്. ഇന്ത്യയിലെ ജാതിവ്യവസ്ഥയും ഒരളവോളം ഈ സങ്കല്പനത്തെ ഉദാഹരിക്കുന്നതത്രേ. ഈ സങ്കല്പനത്തിനെതിരായ സമരംകൂടിയാണ്, സ്വാതന്ത്ര്യസമരത്തോടൊപ്പം ദീർഘകാലമായി നാം നടത്തിവന്നത്.

സ്വാതന്ത്ര്യോത്തരം പിൻതുടർന്നുകൊണ്ടിരിക്കുന്നത് 'ബഹ്വാത്മകത' (പ്ലൂരലിസം)എന്ന മൂന്നാമത്തെ മാർഗമാകുന്നു. മതം, ഭാഷ, ജാതി, ഗോത്രം മുതലായ ഉപാധികളെ ആസ്പദമാക്കി സ്വന്തം അസ്മിത (ഐഡൻറിററി) പുലർത്തുന്ന ഉപസമൂഹങ്ങൾ, വ്യത്യസ്തങ്ങളായിരിക്കെത്തന്നെ തുല്യമായ അധികാരത്തോടെ, നിലനില്ക്കുകയെന്നതത്രേ ബഹ്വാത്മകത. ഈ മാതൃകയിൽ വിവാഹം മുതലായ പ്രാഥമിക സാമൂഹ്യബന്ധങ്ങൾ മിക്കപ്പോഴും അതാത് ഉപസമൂഹത്തിനുള്ളിലേ നടക്കുകയുള്ളു. അതേസമയം തങ്ങളുടെ പാരമ്പര്യാചാരങ്ങളും സാമൂഹ്യ സംസ്കാരവും നിലനിറുത്തിക്കൊണ്ടുതന്നെ, പൗരന്മാരെന്ന നിലയിൽ രാഷ്ട്രീയ-സാമ്പത്തിക മണ്ഡലങ്ങളിൽ സമാനാധികാരത്തോടെ എല്ലാ ഉപസമൂഹങ്ങളും അവയ്ക്കകത്തെ ഉപവിഭാഗങ്ങളും പങ്കുകൊള്ളുകയും ചെയ്യുന്നു. 'നാനാത്വത്തിലെ ഏകത്വ'മെന്നു പറയുമ്പോൾ നാം ഉദ്ദേശിക്കുന്നത് ഇതാണ്.

പക്ഷേ, വിഭജിച്ചു ഭരിച്ചിരുന്ന വിദേശീയാധിപത്യത്തിനു കീഴിൽ നെടുനാളായി നാം പോററി വളർത്തിയ ഭേദഭാവനകൾ തുടച്ചുനീക്കി നാട്ടിൽ സമാധാനം പുലർത്താൻ ഈ സങ്കല്പനം പര്യാപ്തമല്ലെന്ന് പിന്നെപ്പിന്നെ വ്യക്തമായി വരുകയാണ്. ഒരടികൂടി മുന്നോട്ടുപോയി, 'ഉദ്ഗ്രഥനം' (ഇൻറഗ്രേഷൻ) എന്ന നാലാമത്തെ മാതൃക കൈക്കൊള്ളാത്തപക്ഷം ഒരൊററ രാഷ്ട്രമെന്ന നിലയിൽ ഏറെ നാൾ നിലനില്ക്കാൻ ഇന്ത്യക്കു സാധ്യമായേക്കുകയില്ല. ദുർബല വിഭാഗങ്ങൾക്ക് എല്ലാ പൗരാവകാശങ്ങളും നൽകിയാൽ മാത്രം 'ഉദ്ഗ്രഥന'മാവില്ല. നമ്മുടെ ഭരണഘടന പട്ടികജാതിക്കാർക്കും ഗോത്രവർഗക്കാർക്കും, നമ്മുടെ ഭരണകൂടങ്ങൾ 'പിന്നോക്ക'വർഗക്കാർക്കും, നല്കുന്നതരത്തിലോ, അതിൽ കൂടുതലോ ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയാലും 'ഉദ്ഗ്രഥനം' നടപ്പിലായെന്നു പറഞ്ഞുകൂടാ. ഇതൊക്കെ, എല്ലാ പൗരന്മാരും തമ്മിൽ ദ്വൈതീയിക സാമൂഹ്യബന്ധങ്ങൾക്കുള്ള തടസ്സങ്ങൾ നീക്കമെന്നേയുള്ളു. മനുഷ്യരുടെ ഹൃദയങ്ങളിലും മനസ്സുകളിലുമൊരു പരിവർത്തനം വരുകയും, 'നിങ്ങ'ളെപ്പററി 'ഞങ്ങൾ'ക്കുള്ള മുൻധാരണകൾ പൂർണമായി മാഞ്ഞുപോവുകയും വേണമെങ്കിൽ, ഉപസമൂഹങ്ങൾക്കിടയിൽ പ്രാഥമിക (കുടുംബ)ബന്ധങ്ങൾ സ്ഥാപിക്കുന്നതിനുള്ള എല്ലാ തടസ്സങ്ങളും നീങ്ങിക്കിട്ടണം. വർഗം, മതം, ഭാഷ, ജാതി മുതലായവ സൃഷ്ടിക്കുന്ന പശ്ചാത്തലങ്ങൾ എത്രതന്നെ വിഭിന്നങ്ങ

ളായാലും, വിഭിന്നങ്ങളായ ഉപസമൂഹങ്ങളിലെ വ്യക്തികൾ തമ്മിൽ വിവാഹബന്ധങ്ങളും അടുത്ത സൗഹാർദവും സ്വകാര്യസ്ഥാപനങ്ങളിൽ പങ്കാളിത്തവും സാധാരണമാവണം. ഈ അർത്ഥത്തിലുള്ള ഉദ്ഗ്രഥനം സോവ്യറ്റ് യൂണിയനിൽ ഏറെക്കുറെ സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്. നമ്മുടെയും സാമൂഹ്യ ലക്ഷ്യം ഇതിൽക്കുറഞ്ഞ ഒന്നുമായിക്കൂട.

അവശതകൾ നിയമം മുഖേന നീക്കുന്നതുകൊണ്ടു മാത്രം ഉദ്ഗ്രഥനം സ്വയമേവ രൂപം കൊള്ളണമെന്നില്ല. ഭാഷ, മതം, ജാതി, വർഗം മുതലായവയെ ആസ്പദമാക്കിയുള്ള ഇടുങ്ങിയ ഐക്യബോധം ലോകത്തിലെല്ലായിടത്തും അത്യന്തം സുശക്തമാണ്. ഭൂരിപക്ഷം ആളുകളും നിവൃത്തിയുണ്ടെങ്കിൽ സ്വന്തം പരിമിതവൃത്തങ്ങളിൽനിന്ന് പുറത്തു കടക്കാൻ ഇഷ്ടപ്പെടാത്തവരത്രേ. 'ഞങ്ങളും' 'നിങ്ങളും' കൂടിച്ചേർന്ന് 'നമ്മൾ' ആവണമെങ്കിൽ അതിന് ആസൂത്രിതവും ബുദ്ധിപൂർവകവും നിസ്തന്ദ്രവും ദീർഘവും വ്യാപകവും സക്രിയവുമായ പ്രയത്നം ഉണ്ടായേ മതിയാവൂ.

8 സെപ്റ്റംബർ, 1980

# 73. എഴുത്തച്ഛൻ ദേവനാഗരിയിൽ

ഇന്ത്യയുടെ ഔദ്യോഗിക ഭാഷ ഹിന്ദിയാണെന്ന് ഭരണഘടന അനുശാസിക്കുന്നു. ഇതിനർത്ഥം കേന്ദ്രഗവണ്മെൻറിൻെറ ഭരണഭാഷയും, സംസ്ഥാനങ്ങളും കേന്ദ്രഗവണ്മെൻറും തമ്മിലും സംസ്ഥാനങ്ങൾ തമ്മിൽത്തമ്മിലുമുള്ള സമ്പർക്കത്തിൻെറ ഭാഷയും ഹിന്ദി ആയിരിക്കുമെന്നാണ്. ഹിന്ദി വേണ്ടത്ര പഠിച്ചു കഴിഞ്ഞിട്ടില്ലാത്ത ദക്ഷിണേന്ത്യക്കാരുടെ വികാരങ്ങളെ മാനിച്ച് കുറേക്കാലത്തേക്കുകൂടി സഹ ഔദ്യോഗിക ഭാഷയായി ഇംഗ്ലീഷ് തുടരുന്നതാണെന്ന് നെഹ്റുമുതൽ മൊറാർജിവരെയുള്ള പ്രധാനമന്ത്രിമാർ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും, ഇംഗ്ലീഷിൻെറ ഈ പദവി താല്ക്കാലികം മാത്രമാണെന്നും, ശാശ്വതമായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് ഹിന്ദിയുടെ ഔദ്യോഗിക ഭാഷാപദവിയാണെന്നുമുള്ള വസ്തുത വിസ്മരിക്കപ്പെടരുത്.

ഹിന്ദിയുടെ ഈ പദവി കബുദ്ധികളായ ഏതെങ്കിലും ഉത്തരേന്ത്യക്കാരുടെ മാതൃഭാഷാഭ്രാന്തിൽ നിന്ന് ഉത്ഭവിച്ചതല്ല. ജനാധിപത്യ വ്യവസ്ഥിതി അംഗീകരിച്ച ഒരു അവിഭക്തരാഷ്ട്രമായി ഇന്ത്യ നിലനില്ക്കാൻ ആഗ്രഹിക്കുന്നു എന്ന വസ്തുതയാണ് ഹിന്ദിയുടെ ഈ പദവി അനുപേക്ഷണീയമാക്കിത്തീർത്തത്. പ്രായപൂർത്തി വന്ന ഏതൊരു പൗരനും രാജ്യഭരണത്തിൽ സ്വന്തം പ്രതിനിധികൾ മുഖേന പങ്കെടുക്കാനും, ആ ഭരണത്തിൻെറ പല തലങ്ങളിലും നേരിട്ട് ഇടപെടാനും, ഭരണവൈകല്യങ്ങളെ വിമർശിക്കുവാനും അധികാരമുണ്ട് എന്നതത്രേ ജനാധിപത്യത്തിൻെറ മൗലിക ധാരണ. ഈ അധികാരം ശരിക്കു വിനിയോഗിക്കാൻ പൗരനു സാധിക്കണമെങ്കിൽ, അയാൾക്ക് അറിയാവുന്ന ഭാഷയിലായിരിക്കണം രാജ്യത്തിലെ നിയമനിർമാണവും നിയമപരിപാലനവും ഭരണനിർവഹണവും വിദ്യാഭ്യാസവും.

ഒരു രാജ്യത്ത് ഒരു ഭാഷയേ ഉള്ളൂവെങ്കിൽ, ഈ ജനാധിപത്യതത്ത്വം നടപ്പിലാക്കുക അനായാസമായിത്തീരുന്നു. നിർഭാഗ്യവശാൽ മിക്ക രാജ്യങ്ങളിലും ഏതെങ്കിലും ഒരു ഭാഷ സംസാരിക്കുന്ന ഒരു ഭൂരിപക്ഷവും, മററു ചില ഭാഷകൾ സംസാരിക്കുന്ന ന്യൂനപക്ഷങ്ങളും ഉണ്ട് എന്നതാണ് ഇന്നത്തെ നില. അപ്പോൾ ഭൂരിപക്ഷത്തിൻെറ ഭാഷ ഭരണഭാഷയായി ത്തീരുന്നു. ഈ വ്യവസ്ഥിതിയിൽ ന്യൂനപക്ഷങ്ങളുടെ ഭാഷകൾ രണ്ടു